09.10.13

# എൻ.ഐ.ടി.യിൽ മാനദണ്ഡം ലംഘിച്ച് സ്ഥാനക്കയറ്റത്തിന് ശിപാർശ

**എം.പി. സൂര്യദാസ്**

**കോഴിക്കോട്:** നിശ്ചിതയോഗ്യത ഇല്ലാത്ത മുപ്പതിലേറെപ്പേർക്ക് സ്ഥാനക്കയറ്റം നൽകാൻ കോഴിക്കോട് എൻ.ഐ.ടി. ഭരണസമിതി (ബോർഡ് ഓഫ് ഗവർണേഴ്സ്) യോഗം ശുപാർശചെയ്തു. ഫയൽ അംഗീകാരത്തിനായി കേന്ദ്രമാനവവിഭവശേഷി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. എൻ.ഐ.ടി.യിലെ മുഴുവൻ യൂണിയനുകളും ഇതിന് അനുകൂലമാണെങ്കിലും, സ്ഥാപനത്തിൽ പുതുതായി ജോലിയിൽ പ്രവേശിച്ച ഉയർന്ന വിദ്യാഭ്യാസയോഗ്യതയുള്ളവർക്ക് നീക്കം തിരിച്ചടിയാവും.

ബോർഡ് ഓഫ് ഗവർണേഴ്സിന്റെ ശുപാർശ അംഗീകരിക്കരുതെന്നു കാണിച്ച് ജീവനക്കാരിൽ ചിലർ മാനവവിഭവശേഷിമന്ത്രാലയത്തിന് പരാതി നൽകിയിട്ടുണ്ട്.

ഇപ്പോൾ സ്ഥാനക്കയറ്റം നൽകുന്ന തസ്തികകളിലേക്ക് നേരിട്ട് നിയമനം ലഭിക്കാൻ അർഹതയുള്ള പുതുതായി നിയമനം ലഭിച്ചവരുള്ളപ്പോഴാണ് വഴിവിട്ട് സ്ഥാനക്കയറ്റത്തിന് നീക്കം നടക്കുന്നത്.

കേന്ദ്രസർക്കാറിന്റെ 'ഗ്രേഡ് പേ'യ്ക്കു തുല്യമായി എൻ.ഐ.ടി.യിലെ ജീവനക്കാർക്ക് ഗ്രേഡ്പേ നൽകുന്നതിലാണ് അപാകം. എൻ.ഐ.ടിയിലെ 4600 രൂപ ഗ്രേഡ്പേയുള്ള ഏഴാംക്ലാസ് മാത്രം വിദ്യാഭ്യാസയോഗ്യതയുള്ള താഴെത്തട്ടിലെ ജീവനക്കാരെ അസിസ്റ്റന്റ് എൻജിനീയർ ഗ്രേഡിലേക്ക് സ്ഥാനക്കയറ്റം നൽകാനാണ് ശുപാർശ. ഇതേ രീതിയിൽ സീനിയർ മെക്കാനിക്കിനെ ടെക്നിക്കൽ അസിസ്റ്റന്റ്, സീനിയർ മെക്കാനിക്കിനെ സീനിയർ ടെക്നിക്കൽ അസിസ്റ്റന്റ് തുടങ്ങിയ സ്ഥാനങ്ങളിലേക്കാണ് ഉയർത്തുന്നത്.

എസ്.എസ്.എൽ.സി. മാത്രം വിദ്യാഭ്യാസയോഗ്യതയുള്ള യു.ഡി. ക്ലാർക്കുമാരെ സൂപ്രണ്ടുമാരായി നിയമിക്കണമെന്നാണ് ശുപാർശ. ഒന്നാംക്ലാസ്, മൂന്നാംക്ലാസ്, അഞ്ചാംക്ലാസ്, ഏഴാംക്ലാസ് എന്നീ യോഗ്യതയുള്ളവർക്കും സ്ഥാനക്കയറ്റത്തിന് ശുപാർശ ചെയ്തിട്ടുണ്ട്.

എൻ.ഐ.ടി.കളിലെ അധ്യാപകേതര ജീവനക്കാരുടെ ഗ്രേഡുകൾ പുനഃക്രമീകരിക്കാൻ ആവശ്യമായ ശുപാർശ സമർപ്പിക്കാൻ രാജ്യത്തെ മുഴുവൻ എൻ.ഐ.ടി.കളോടും മാനവവിഭവശേഷിമന്ത്രാലയം ആവശ്യപ്പെട്ടിരുന്നു. ഇതുപ്രകാരം കോഴിക്കോട് എൻ.ഐ.ടി. ഗവേണിങ് ബോഡി സബ്കമ്മിറ്റിയെ നിയോഗിച്ചു.

സബ്കമ്മിറ്റി പഠിച്ച് സമർപ്പിച്ച ശുപാർശയിലാണ് വിദ്യാഭ്യാസയോഗ്യത പരിഗണിക്കാതെ സ്ഥാനക്കയറ്റം നൽകാൻ ശുപാർശചെയ്തത്.

എൻ.ഐ.ടി.യിലെ സാങ്കേതിക വിഭാഗം ഉൾപ്പെടെയുള്ള അധ്യാപകേതര ജീവനക്കാർ എം.ടെക്. വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർഥികളെ ലബോറട്ടറിയിൽ സഹായിക്കേണ്ടവരാണ്.

ഏറ്റവും ചുരുങ്ങിയത് പ്ലസ്ടു യോഗ്യതയുള്ളവരെമാത്രമേ ഈ തസ്തികകളിലേക്ക് പരിഗണിക്കാവൂ എന്ന് എൻ.ഐ.ടി. ഗവേണിങ് ബോഡിയോഗം നേരത്തേ നിഷ്കർഷിച്ചിരുന്നു. ഇതിനു വിരുദ്ധമാണ് ഇപ്പോഴത്തെ ശുപാർശ.